**പി.എ സൈനുദ്ദീൻ**
sainpanachikkal@gmail.com

# വിശ്വാസിയുടെ സുരക്ഷിതത്വം

عَنْ أَبِي سَعِيد الخدري رضي الله عنه أنّ رَسُولَ اللَّهِ صلى الله عليه وسلم قال : إِنَّ اللهَ
لَيَحْمِي عَبْدَه المُؤْمِنَ الدنْيَا وَهُوَ يُحِبُّهُ كَمَا تَحْمُونَ مرِيضَكُمُ الطَّعَام والشراب تَخَافُونَ عَلَيْهِ

**അബൂസഈദിൽ ഖുദ്‌രി(റ) നിവേദനം ചെയ്യുന്നു; നബി(സ) പറഞ്ഞു: തീർച്ചയായും അല്ലാഹു തന്റെ വിശ്വാസിയായ അടിമക്ക് ദുനിയാവിലെ ഫിത്നകളിൽനിന്ന് രക്ഷ നൽകുന്നു; ഭൗതിക സുഖസൗകര്യങ്ങളിൽ അവൻ തൽപരനായിരിക്കെ തന്നെ. രോഗിയുടെ രോഗം മൂർഛിക്കാതിരിക്കാൻ നിങ്ങൾ ഭക്ഷണപാനീയങ്ങൾ നിയന്ത്രിച്ചുകൊണ്ട് അയാളെ പരിപാലിക്കാറില്ലേ, അതുപോലെ (അഹ്‌മദ്, അൽഹാകിം).**

''എന്നാൽ മനുഷ്യനെ അവന്റെ നാഥൻ പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്താൽ എന്റെ നാഥൻ എന്നെ ആദരിച്ചു എന്നവൻ പറയും, ഇനി അവന്റെ ജീവിതവിഭവം പരിമിതപ്പെടുത്തിക്കൊണ്ട് റബ്ബ് പരീക്ഷിച്ചാൽ അവൻ പറയും, എന്റെ നാഥൻ എന്നെ നിന്ദിച്ചിരിക്കുന്നു'' (ഖുർആൻ 89:16).

അല്ലാഹു തന്റെ ആദരണീയ സൃഷ്ടിയായ മനുഷ്യനെ ഈ ലോകത്തേക്ക് അയച്ചതിന്റെ പിന്നിൽ മഹത്തായൊരു ലക്ഷ്യമുള്ളതായി പരിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായാണ് ജീവിതത്തിന്റെ നിലനിൽപ്പിനു വേണ്ടി ഭൗതിക വിഭവങ്ങൾ നൽകിയിരിക്കുന്നത്. മനുഷ്യൻ വ്യത്യസ്ത സ്വഭാവങ്ങളാൽ, വിഭിന്ന ആകൃതികളാൽ സൃഷ്ടിക്കപ്പെട്ടതുപോലെ അല്ലാഹു അവന്റെ പടപ്പുകൾക്ക് നൽകുന്ന സാമ്പത്തിക വിഭവവിതരണത്തിൽ അതിസമ്പന്നർ, സാധാരണ നിലവാരത്തിലുള്ളവർ, പരമദരിദ്രർ എന്നിങ്ങനെ പല അവസ്ഥകൾ കാണാം.

ഈ ദുനിയാവിൽ കിട്ടാവുന്നത്ര ഭൗതിക സൗകര്യങ്ങൾ വാരിക്കൂട്ടി ആഡംബരത്തോടെ ജീവിക്കണമെന്ന് മോഹിക്കുന്നവരുടെ മനോനിലയാണ് മേൽകൊടുത്ത ഖുർആൻ സൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നത്. ഭൗതിക വിഭവങ്ങൾ വിതരണം ചെയ്യുന്നതിൽ അല്ലാഹു കൈക്കൊള്ളുന്ന യുക്തി അവന് മാത്രം അറിയുന്ന ഒന്നാണ്. തന്റെ അടിമകളോടുള്ള അടുപ്പമാണ് ജീവിത വിഭവങ്ങൾ വിതരണം ചെയ്യുന്നതിന്റെ അടിസ്ഥാനമെങ്കിൽ ഈ ലോകത്ത് സത്യവിശ്വാസികൾ അതിസമ്പന്നരായി മാറിയേനെ; സത്യനിഷേധികൾ മുഴുവൻ പട്ടിണിക്കാരും. നബി പറഞ്ഞു: 'ദുനിയാവ് അല്ലാഹുവിന്റെയടുത്ത് ഒരു കൊതുകിന്റെ ചിറകിന്റെയത്ര തൂക്കമുമുള്ളതായിരുന്നെങ്കിൽ സത്യനിഷേധി ഈ ലോകത്തു നിന്ന് ഒരു കവിൾ വെള്ളം പോലും കുടിക്കുമായിരുന്നില്ല.' പരീക്ഷണാർഥം അല്ലാഹു പ്രദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ അവന്റെ ഹിതത്തിനനുസരിച്ച് വിനിയോഗിക്കുന്നതിൽ ബഹുഭൂരിപക്ഷം പേരും പരാജയപ്പെടുമ്പോൾ വളരെ കുറച്ച് പേർ മാത്രം പരലോകത്തെ ദൈവവിചാരണയിലെ സങ്കീർണതകളിൽ നിന്നൊഴിവാകാൻ, സ്വർഗപ്രവേശം വളരെ എളുപ്പത്തിലാകാൻ തങ്ങളുടെ സമ്പത്ത് പ്രയോജനപ്പെടുത്തുന്നു. അതേസമയം എല്ലാ നിലക്കും അധഃസ്ഥിതരായ വിശ്വാസികൾ ദുനിയാവിന്റെ പളപളപ്പിലേക്ക് നോക്കി വെള്ളമിറക്കി സമയം കളയാതെ തങ്ങളുടെ ജീവിത സാഹചര്യങ്ങളോട് മല്ലിട്ട് ദൈവമാർഗത്തിൽ അടിയുറച്ച് നിൽക്കുന്നതായും കാണാം. 'നിങ്ങളെ നാം ഭയം കൊണ്ടും വിശപ്പുകൊണ്ടും ധനദൗർലഭ്യം കൊണ്ടും ജീവ നഷ്ടം കൊണ്ടും ഫലശൂന്യതകൊണ്ടും പരീക്ഷിക്കുന്ന സന്ദർഭത്തിൽ ക്ഷമ കൈകൊള്ളുന്നവരെ സന്തോഷവാർത്തയറിയിക്കുക' എന്ന ഖുർആനിക സൂക്തം (2-155) അവർക്ക് ആത്മവിശ്വാസം പകരുന്നു. ദൈവവിധിയിലുള്ള ഉറച്ച വിശ്വാസം നഷ്ടങ്ങളെയോർത്ത് വേവലാതിപ്പെടാതിരിക്കാനും ലഭിച്ച സൗകര്യങ്ങളിൽ അമിതാഹ്ലാദം പ്രകടിപ്പിക്കാതിരിക്കാനും വിശ്വാസിയെ പ്രേരിപ്പിക്കണമെന്ന് ഖുർആൻ. സമ്പത്തും സൗകര്യങ്ങളും ജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങളാണെങ്കിലും അവയോടുള്ള ആസക്തി ദൈവസ്മരണയിൽനിന്ന് സത്യവിശ്വാസിയെ തെറ്റിച്ച് കളയും. 'തീർച്ചയായും സർവശക്തനായ സ്രഷ്ടാവ് ദുനിയാവിലെ സുഖസൗകര്യങ്ങൾ അവൻ ഇഷ്ടപ്പെടുന്നവർക്കും ഇഷ്ടപ്പെടാത്തവർക്കും നൽകുമ്പോൾ ദീൻ പൂർത്തിയാക്കി നൽകുന്നത് അവനിഷ്ടപ്പെടുന്നവർക്ക് മാത്രമാണ്' എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

റസൂൽ(സ) തനിക്ക് അന്നന്നത്തെ അന്നം മുട്ടിപ്പോവാതിരിക്കാൻ മാത്രമാണ് സർവശക്തനോട് പ്രാർഥിച്ചിരുന്നതെന്ന് ഹദീസുകളിൽ വ്യക്തമാണ്. 'അവരിലെ വിവിധ വിഭാഗങ്ങൾക്ക് നാം നൽകിയ സുഖഭോഗങ്ങളിലേക്ക് നീ കണ്ണ് വെക്കരുത്' (ഖുർആൻ 15-87) എന്ന് അല്ലാഹു പ്രവാചകനെ ഉദ്ബോധിപ്പിക്കുന്നുമുണ്ടല്ലോ. പരാധീനതകളില്ലാതെ ലളിത ജീവിതം നയിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾക്കു വേണ്ടി രക്ഷിതാവിനോട് പ്രാർഥിക്കുന്നവനാണ്, അല്ലാതെ സുഖലോലുപത മതിയാവാഞ്ഞ് അല്ലാഹുവോട് ആവലാതിപ്പെട്ട് ദുനിയാവിലേക്ക് കണ്ണു നട്ടിരിക്കുന്നവനല്ല യഥാർഥ വിശ്വാസി.

സമ്പത്തും സുഖസൗകര്യങ്ങളും സ്ഥാനമാനങ്ങളും കുടുംബവും സന്താനങ്ങളുമെല്ലാം തന്റെ അടിയാറുകൾക്ക് ദുരന്തങ്ങളായി മാറാതിരിക്കാൻ അല്ലാഹു ചില നടപടിക്രമങ്ങൾ സ്വീകരിക്കും എന്നാണ് മേൽകൊടുത്ത ഹദീസ് നമ്മെ പഠിപ്പിക്കുന്നത്. അത് ചിലപ്പോൾ അവർക്ക് വല്ലാതെ അരോചകമായും വിഷമകരമായും തോന്നിയേക്കാമെങ്കിലും. വൈദ്യൻ രോഗിയുടെ അസുഖം മാറ്റാൻ ചില താൽക്കാലിക നിയന്ത്രണങ്ങൾ ഏൽപ്പെടുത്തുന്നത് പോലെ, അത് രോഗിയുടെ നന്മ ഉദ്ദേശിച്ചുള്ളതാണ്. ഭൗതികമായ അസൗകര്യങ്ങളും ഇത് പോലെയാണ്. വിശ്വാസിയെ സംബന്ധിച്ചേടത്തോളം ആ ഇല്ലായ്മയായിരിക്കാം അനുഗ്രഹമായിത്തീരുന്നത്. 'നിങ്ങൾ ഇഷ്ടപ്പെടുന്നത് നിങ്ങൾക്ക് ഉപദ്രവകരവും നിങ്ങൾ വെറുക്കുന്നത് നിങ്ങൾക്ക് പ്രയോജനപ്രദവും ആയേക്കുമെന്ന്' ഖുർആൻ (2:216) തന്നെ ഉണർത്തുന്നുണ്ടല്ലോ.